**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **03-03-2023 - ൽ മറുപടിയ്ക്ക്**

**എരുമേലി പോലീസ് ഡിറ്റാച്ച്മെന്റ് ക്യാമ്പിന്റെ സംരക്ഷണഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിലുള്ള കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 31.12.2022 ൽ ചേർന്ന കോട്ടയം ജില്ലാ വികസന സമിതി യോഗം പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിലുള്ള കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി കോട്ടയം ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ കേരള പോലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് കോട്ടയം ജില്ലാ പോലീസ് മേധാവി കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത ക്യാമ്പിന്റെ 25 അടി ഉയരത്തിലുള്ള മൺതിട്ട തകർന്നത് മൂലം ക്യാമ്പ് കെട്ടിടത്തിനും സമീപത്തുള്ള വീടുകൾക്കും അപകട ഭീഷണിയുള്ളതിനാൽ ക്യാമ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സംരക്ഷണഭിത്തി അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മറുപടി (എ) യിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ